ലേഖനം

# മൂന്നാംബദൽ സ്വപ്നവും യു.പി.എയുടെ ശുഭാപ്തിയും

എ.ആർ


**രാജ്യത്തേറ്റവും** ശക്തമായ ഇടതു പാർട്ടിയുടെ ആസ്ഥാനത്ത് ഇദംപ്രഥമമായി കാൽകുത്തുമ്പോൾ മനസ്സിലാകെ ജിജ്ഞാസയായിരുന്നു. ചരിത്രത്തിലേറ്റവും വലിയ സംഖ്യബലവുമായി പതിനാലാം ലോക്സഭയിലെത്തിയ ഇടതുമുന്നണി അപ്രതീക്ഷിത തിരിച്ചടിയുടെ ആഘാതങ്ങളുമായി തെരഞ്ഞെടുപ്പ് ഗോദയിലിറങ്ങുമ്പോൾ കടിഞ്ഞാൺ കൈയിലേന്തിയ സി.പി.എമ്മിന്റെ കണക്കുകൂട്ടലുകൾ എന്തായിരിക്കും? കോൺഗ്രസ് ഇതര, ബി.ജെ.പി ഇതര മതേതരബദൽ എന്ന സ്വപ്നം എത്രത്തോളം പൂവണിയും? ഭരിക്കാനാവശ്യമായ ഭൂരിപക്ഷം യു.പി.എക്ക് തരപ്പെടാതെ വരുമ്പോൾ സി.പി.എമ്മിന്റെയും ഇടതു പാർട്ടികളുടെയും നിലപാടെന്താവും? പഴയതുപോലെ എൻ.ഡി.എയുടെ അധികാര സാധ്യത ഒഴിവാക്കാൻ കോൺഗ്രസ് മുന്നണിയെ പുറത്ത് നിന്നെങ്കിലും പിന്താങ്ങുമോ? അതല്ല മുൻതിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ, ഭരിക്കുന്നത് ആരായാലും പ്രതിപക്ഷത്തിരുന്ന് പൊരുതുന്നതാണ് ചരിത്രം ആവർത്തിക്കാതിരിക്കാൻ നല്ലതെന്ന് കരുതുമോ? എന്തു നിലപാടെടുക്കണമെങ്കിലും ലോക്സഭയിൽ ശക്തമായ സാന്നിധ്യം ഉറപ്പാക്കണമല്ലോ. സീറ്റുകളേറെയും സമ്മാനിച്ച പശ്ചിമബംഗാളിലും കേരളത്തിലും ഭരണത്തിന്റെ ബാക്കിപത്രം തിരിഞ്ഞുകുത്തുന്നതിനാൽ കാറ്റ് മറിച്ചുവീശുന്നത് കണക്കുകൂട്ടലുകളെ തിരുത്തിക്കുറിക്കില്ലേ? എല്ലാറ്റിനും തൃപ്തികരമോ അല്ലാത്തതോ ആയ ഉത്തരങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയോടെയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഉപാധ്യക്ഷൻ പ്രഫ. സിദ്ദീഖ് ഹസൻ, സെക്രട്ടറി ജനറൽ നുസ്‌റത്ത് അലി, പൊളിറ്റിക്കൽ സെൽ സെക്രട്ടറി എസ്.ക്യൂ.ആർ ഇൽയാസ്, ജമാഅത്തെ ഇസ്‌ലാമി കേരള മജ്‌ലിസ് ശൂറാ അംഗം ഡോ. അബ്ദുസ്സലാം വാണിയമ്പലം എന്നിവരോടൊപ്പം എ.കെ.ജി ഭവന്റെ മീറ്റിംഗ് ഹാളിലേക്ക് കടന്നുചെന്നത്. പി.ബിയിലെ മുതിർന്ന അംഗവും കേരളീയനുമായ എസ്. രാമചന്ദ്രൻ പിള്ളയും ഓഫീസ് മേധാവി ആനന്ദകുമാർ ശർമയും സ്വീകരിച്ചിരുത്തി. ഔപചാരികതയുടെ കരുതിവെപ്പുകളില്ലാതെ തുറന്ന മനസ്സോടെ വർത്തമാനം തുടങ്ങിയത് സംതൃപ്തി പകർന്നു. നേരത്തേ ആണവകരാർ വിരുദ്ധ റാലിയിൽ ഇടതു നേതാക്കളുമായി ജമാഅത്ത് വക്താക്കൾ വേദി പങ്കിട്ടിരുന്നു. ഒറ്റപ്പെട്ട സംഭാഷണങ്ങളും ഇടവേളകളിൽ നടന്നിരുന്നു. സി.പി.ഐ ജനറൽ സെക്രട്ടറി എ.ബി ബർദനാകട്ടെ ആഴ്ചകൾക്ക് മുമ്പ് ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് കേന്ദ്ര ഓഫീസിലെത്തി മണിക്കൂറുകളോളം ഉള്ളുതുറന്നത് പുതിയ സംഭവമാണ്. എന്നാൽ സി.പി.എം ദേശീയ നേതൃത്വം മുൻകൈയെടുത്ത് പാർട്ടി ആസ്ഥാനത്തുതന്നെ ജമാഅത്ത് പ്രതിനിധികളുമായി തുറന്ന ചർച്ചക്ക് സമയം കണ്ടത് ഉഭയകക്ഷി ബന്ധങ്ങളിലെ വഴിത്തിരിവായി.

**അവസരവാദവും ചാഞ്ചാട്ടവും മായാവതിയെ ആരും പഠിപ്പിക്കേണ്ടതില്ല. ഇന്ത്യയുടെ പ്രഥമ ദലിത് പ്രധാനമന്ത്രിയായി മായാവതി സ്ഥാനമേറ്റു എന്ന തലക്കെട്ടിൽ കുറഞ്ഞ ഒന്നും അവർക്ക് വേണ്ട എന്നതാണ് മാനസികാവസ്ഥ. അപ്പോൾ ജയലളിതയോ? കരുണാനിധിയുടെ മക്കൾവാഴ്ച പരിധിവിട്ടിരിക്കെ വൻതിരിച്ചുവരവ് പ്രതീക്ഷിക്കുന്ന പുരട്ച്ചി തലൈവിയുടെയും കണ്ണ് പ്രധാനമന്ത്രി പദവിയിൽതന്നെ. ആന്ധ്രയിലെ ചന്ദ്രബാബു നായിഡുവാണ് മൂന്നാമൻ. ദേവഗൗഡ ഇരുന്ന സിംഹാസനത്തിൽ താൻ എന്തുകൊണ്ട് അൺഫിറ്റാവുന്നു എന്ന് നായിഡുവിന് മനസ്സിലാവുന്നില്ല.**

തെരഞ്ഞെടുപ്പ് ആസന്നമായിരിക്കെ സി.പി.എമ്മിനെയും അതിന്റെ സംസ്ഥാന സർക്കാറുകളെയും, പാർട്ടിക്കും സർക്കാറുകൾക്കും മുസ്‌ലിം ന്യൂനപക്ഷത്തോടുള്ള സമീപനങ്ങളെയും വസ്തുനിഷ്ഠമായി വിലയിരുത്താനാണ് എസ്.ആർ.പി തുടക്കത്തിലേ ആവശ്യപ്പെട്ടത്. സാർവദേശീയ തലത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തോടും ദേശീയ തലത്തിൽ കേന്ദ്ര സർക്കാറിന്റെ സാമ്രാജ്യത്വദാസ്യപരമായ നയനിലപാടുകളോടും ഫാഷിസത്തോടുമുള്ള എതിർപ്പ് ഇടതുപക്ഷവുമായി പങ്കിടുന്ന ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം ഇത്തരം വിഷയങ്ങളിൽ ഇടതുപക്ഷം സ്വീകരിക്കുന്ന ആർജവമുള്ള നിലപാടുകളിൽ സംതൃപ്തി രേഖപ്പെടുത്തി. എന്നാൽ ആഗോളവത്കരണത്തെയും സ്വകാര്യവ

ത്കരണത്തെയും താത്ത്വികമായെ തിർക്കുന്നതോടൊപ്പം തന്നെ പശ്ചിമബംഗാളിലും കേരളത്തിലും ബഹുരാഷ്ട്ര കുത്തകകൾ സ്വാഗതം ചെയ്യപ്പെടുന്ന വൈരുധ്യം ചർച്ചകളിൽ ചൂണ്ടിക്കാണിച്ചു. നന്ദിഗ്രാമും സിംഗൂരും മൂന്നാറും സംസാരത്തിലേക്ക് കടന്നുവന്നു. ഇടതു സർക്കാറുകളിൽനിന്ന് പ്രതീക്ഷിക്കാത്ത ഗുരുതരമായ അഴിമതിയാരോപണങ്ങൾ ശ്രദ്ധയിൽ പെടുത്തി. പാർട്ടിയിലെ വിഭാഗീയതയുടെ പേരിൽ പാർട്ടിയും സംസ്ഥാന സർക്കാറും മാത്രമല്ല, തെരഞ്ഞെടുപ്പിൽ ചരിത്രത്തിലാദ്യമായി ഇടതുമുന്നണിയെ മൊത്തമായി പിന്തുണച്ച ഇസ്‌ലാമിക പ്രസ്ഥാനവും പ്രതിക്കൂട്ടിലാവുന്ന അസുഖകരമായ സ്ഥിതിവിശേഷവും ചൂണ്ടിക്കാട്ടി. സച്ചാർ കമ്മിറ്റി ശിപാർശകൾ നടപ്പാക്കാൻ കേരളത്തിൽ പാലോളി കമ്മിറ്റിയെ നിയോഗിച്ചതും ആ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിക്കപ്പെട്ടതും ശ്ലാഘനീയമായി വിലയിരുത്തിയതോടൊപ്പംതന്നെ കേന്ദ്ര സർക്കാറിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിലെ വീഴ്ചകളും അലീഗഢ് കാമ്പസിനെ ചൊല്ലിയുള്ള വിവാദവും പരാമൃഷ്ടമായി. ബംഗാളിലെ മുസ്‌ലിംകൾ മൂന്ന് പതിറ്റാണ്ട് നീണ്ട ഇടതു സർക്കാർ അവഗണനയിൽ മനംനൊന്ത് തൃണമൂൽ കോൺഗ്രസ്സിന്റെ പിന്നാലെ പോവേണ്ടിവരുന്ന ഗതികേട് എസ്.ക്യൂ.ആർ എടുത്തിട്ടു. ഇങ്ങനെയൊക്കെയാണെങ്കിലും സാമ്രാജ്യത്വ-ഫാഷിസ്റ്റ് വിരുദ്ധ നയനിലപാടുകൾ തുടരുന്ന താരതമ്യേന മതേതരത്വ പ്രതിബദ്ധതയുള്ള ഇടതുശക്തികളുമായി സാധ്യമായ രംഗങ്ങളിലൊക്കെയും സഹകരിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വൈമനസ്യമില്ലെന്ന് വക്താക്കൾ വ്യക്തമാക്കി. എൻ.ഡി.എ അധികാരത്തിൽ വരാതിരിക്കാനും യു.പി.എ അധികാരത്തിലേറിയാൽ വലതുപക്ഷ പിന്തിരിപ്പൻ നയങ്ങൾ നടപ്പാക്കാതിരിക്കാനും സഹായകമായ നിലപാടാവും പ്രസ്ഥാനം സ്വീകരിക്കുകയെന്നും വിശദീകരിച്ചു.

**രാമക്ഷേത്രവും ബദരീനാഥും സേതുസമുദ്രവും ആർക്കും വേണ്ട. തീവ്രവാദവിരുദ്ധ ആക്രോശങ്ങളെ മാലേഗാവ് തിരിച്ചടിച്ചു. ആയുധ സംഭരണവും യുദ്ധജ്വരവും ഇസ്രയേൽ ബാന്ധവവും കോൺഗ്രസ് റാഞ്ചിയെടുത്തു. അഴിമതിവിരോധം പയറ്റാൻ സ്വന്തം റെക്കോർഡ് കഴുകിയെടുത്തിട്ട് വേണ്ടേ? ഒതുക്കിപ്പറഞ്ഞാൽ, നിലവിലെ എണ്ണം നില നിർത്താൻതന്നെ താമരക്കൂട്ടം പാടുപെടേണ്ടിവരുമെന്നാണ് കണിയാന്മാരുടെ കവടിനിരത്തൽ.**



കെ.എ സിദ്ദീഖ് ഹസൻ



എസ്. രാമചന്ദ്രൻ പിള്ള

വിമർശനങ്ങളോടും ആവശ്യങ്ങളോടും സൗമ്യമായും സമചിത്തതയോടെയും പ്രതികരിച്ച എസ്.ആർ.പി, ഇടതുമുന്നണി മുൻകൈയെടുക്കുന്ന മൂന്നാം ബദലിന്റെ സാധ്യതകളെ കുറിച്ച് വാചാലനായി. എൻ.ഡി.എയെ ഭരണം തിരിച്ചുപിടിക്കാൻ അനുവദിക്കുന്ന പ്രശ്നമില്ലെന്നും എന്നാൽ മൃദുഹിന്ദുത്വ, സാമ്രാജ്യത്വ ദാസ്യ നിലപാടുകളുമായി കോൺഗ്രസ് അധികാരത്തിൽ തിരിച്ചെത്തുന്നത് രാജ്യത്തിനാകെയും ന്യൂനപക്ഷങ്ങൾക്ക് വിശേഷിച്ചും ആപത്താവുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. പാർട്ടിക്കും ഇടതു സർക്കാറുകൾക്കും സംഭവിച്ച പിഴവുകളും പാളിച്ചകളും തിരുത്താൻ നടപടികളുണ്ടാവുമെന്ന് സി.പി.എം നേതാവ് ഉറപ്പു നൽകി. ബംഗാളിൽ മുസ്‌ലിംകൾക്ക് പ്രത്യേക പരിഗണന ലഭിക്കുമെന്നും പറഞ്ഞു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട വസ്തുതകൾ ഉടനടി സംസ്ഥാന ഘടകങ്ങളുടെ ശ്രദ്ധയിൽ പെടുത്തുമെന്നും അറിയിച്ചു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച സി.പി.എമ്മിന്റെ കാഴ്ചപ്പാട് ചണ്ഡീഗഢ് പ്രമേയത്തിലേതു തന്നെയാണോ എന്നാരാഞ്ഞപ്പോൾ, അതൊക്കെ ചരിത്രത്തിന്റെ ഭാഗമായെന്നും കാലവും ലോകവും മാറി എന്നുമായിരുന്നു പുഞ്ചിരിയോടെയുള്ള പ്രതികരണം. പ്രത്യയശാസ്ത്ര ശാഠ്യങ്ങളുള്ള പ്രസ്ഥാനങ്ങൾക്കും മാറുന്ന ലോക സാഹചര്യങ്ങൾക്കൊത്ത് കാഴ്ചപ്പാടുകൾ പുനർനിർണയിക്കേണ്ടിവരുമെന്നത് ആഗോള കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് മാത്രമല്ല ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ബാധകമാണല്ലോ. അമീർ ഖാദി ഹുസൈൻ അഹ്മദിന്റെ നേതൃത്വത്തിൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതിനിധിസംഘം ലോക കമ്യൂണിസ്റ്റ് ശക്തിയായ ചൈനയുടെ ക്ഷണപ്രകാരം ആ നാട് സന്ദർശിച്ചപ്പോഴും ഇക്കാര്യം അനുസ്മരിക്കപ്പെട്ടിരിക്കണം. മൂന്നാം ബദലിന് ഭാവുകങ്ങൾ നേർന്നുകൊണ്ട് പടിയിറങ്ങുമ്പോൾ പ്രഥമ പാർലമെന്റിൽ ഏറ്റവും അംഗബലമുള്ള പ്രതിപക്ഷ ഗ്രൂപ്പ് ലീഡറായി തിളങ്ങിയ എ.കെ ഗോപാലന്റെ ഇരുണ്ട അർധകായ പ്രതിമ വലത്തും പ്രഥമ കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ അനിഷേധ്യ നായകൻ വ്‌ളാദിമിർ ഇല്ലിനോവിച്ച് ലെനിന്റെ അർധകായ ശുഭ്ര പ്രതിമ ഇടത്തും ഇരുപ്പുറപ്പിച്ചത് ശ്രദ്ധിക്കാതിരിക്കാനായില്ല. ലെനിന്റെ പ്രസ്ഥാനവും പരീക്ഷണാലയവും കഥാവശേഷമായി. എ.കെ.ജിയുടെ പാർട്ടി കാറ്റിലും കോളിലും പെട്ട് ആടി ഉലയുന്നു. ആർത്തിരമ്പിവരുന്ന മുതലാളിത്തത്തിരകളെ പ്രതിരോധിച്ച് രാജ്യത്ത് ഒരു സോഷ്യൽ ഡമോക്രസിയെങ്കിലും സ്ഥാപിക്കാൻ ഇടതുപക്ഷത്തിനാവുമോ എന്ന ചോദ്യത്തിന്റെ ഉത്തരംകൂടിയാവും പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പ്.

കേരള ഹൗസിലെ 256-ാം നമ്പർ മുറിയിൽ സലാം വാണിയമ്പലത്തോടൊപ്പം തിരിച്ചെത്തി അധികനേരം കഴിയുന്നതിന് മുമ്പ് കേരളത്തിൽനിന്ന് ചാനൽകാരന്റെ വിളിവന്നു. 'താങ്കൾ മുൻ അമീർ സിദ്ദീഖ് ഹസനോടൊപ്പം സീറ്റു ചർച്ചക്കായി പ്രകാശ് കാരാട്ടിനെയും എ.ബി ബർദനെയും ചെന്നുകണ്ടു എന്ന് വാർത്ത പ്രചരിക്കുന്നു. ശരിയാണോ?' 'താങ്കൾ പറഞ്ഞ രണ്ടു പേരെയും കണ്ടില്ല. സീറ്റു ചർച്ചയും നടന്നില്ല'- മറുപടിക്ക് ഒട്ടും ബുദ്ധിമുട്ടേണ്ടിവന്നില്ല. 'മത്സരിക്കാത്ത പാർട്ടിക്കെന്ത് സീറ്റു ചർച്ച? പിന്നെ പിന്താങ്ങുന്ന കാര്യം. അത് ചിത്രം തെളിഞ്ഞ ശേഷം സംഘടനാ നേതൃത്വം മുറപോലെ തീരുമാനിക്കേണ്ടതാണ്.'


എന്നാൽ, മൂന്നാം ബദലിനെക്കുറിച്ച ഇടതുസ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള സാധ്യതകൾ എത്രത്തോളം? നാല് ഇടതുപാർട്ടികൾക്ക് പുറമെ ടി.ഡി.പി, എ.ഐ.എ.ഡി.എം.കെ, ബി.എസ്.പി, ജനതാദൾ (എസ്) എന്നീ പ്രാദേശിക പാർട്ടികളാണ് മുന്നണി ഘടകങ്ങളാവുമെന്ന് പറയപ്പെടുന്നത്. പുതുതായി ഒരീസയിൽ ബി.ജെ.പി സഖ്യം വിട്ട ബിജു ജനതാദളിന്റെ പേരും പട്ടികയിലെത്തിയിരിക്കുന്നു. പക്ഷേ യു.പിയിൽ 30-40 സീറ്റുകൾ പ്രതീക്ഷിക്കുന്ന ബി.എസ്.പി തെരഞ്ഞെടു

പ്പാനന്തര കൂട്ടുകെട്ടുകളിലാണ് കണ്ണ് വെക്കുന്നത്. അവസരവാദവും ചാഞ്ചാട്ടവും മായാവതിയെ ആരും പഠിപ്പിക്കേണ്ടതില്ല. ഇന്ത്യയുടെ പ്രഥമ ദലിത് പ്രധാനമന്ത്രിയായി മായാവതി സ്ഥാനമേറ്റു എന്ന തലക്കെട്ടിൽ കുറഞ്ഞ ഒന്നും അവർക്ക് വേണ്ട എന്നതാണ് മാനസികാവസ്ഥ. അപ്പോൾ ജയലളിതയോ? കരുണാനിധിയുടെ മക്കൾവാഴ്ച പരിധിവിട്ടിരിക്കെ വൻതിരിച്ചുവരവ് പ്രതീക്ഷിക്കുന്ന പുരട്ച്ചി തലൈവിയുടെയും കണ്ണ് പ്രധാനമന്ത്രി പദവിയിൽതന്നെ. ആന്ധ്രയിലെ ചന്ദ്രബാബു നായിഡുവാണ് മൂന്നാമൻ. ദേവഗൗഡ ഇരുന്ന സിംഹാസനത്തിൽ താൻ എന്തുകൊണ്ട് അൺഫിറ്റാവുന്നു എന്ന് നായിഡുവിന് മനസ്സിലാവുന്നില്ല. വൈ.എസ്.ആർ കൈവശംവെച്ചിരിക്കുന്ന സീറ്റുകൾ അടിച്ചെടുക്കാൻ മാത്രം ടി.ഡി.പിക്കെന്ത് മാസ്മരികത എന്ന ചോദ്യവും ഉണ്ട്. നാലാമൻ നവീൻ പട്നായക് ഇപ്പോൾതന്നെ കാലുമാറിയ മട്ടാണ്. ജയിച്ചുകയറിയ ശേഷം എൻ.ഡി.എ അടക്കം ഏത് മുന്നണിയോടും വിലപേശും എന്നാണ് പരസ്യമായ നിലപാട്. മൂന്നാം മുന്നണിയുടെ മുഖ്യ ചാലകൻ ദേവഗൗഡ സ്വന്തം തട്ടകത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കോൺഗ്രസ്സുമായി ധാരണയിലേർപ്പെടാൻ ശ്രമിക്കെയാണ് യു.പി.എക്ക് ബദൽ തെരയുന്നത്.

സാക്ഷാൽ ഇടതുമുന്നണിയുടെ സ്ഥിതിയോ? ബംഗാളിലെ 42 സീറ്റുകളിൽ പതിനഞ്ചെങ്കിലും തൃണമൂൽ-കോൺഗ്രസ് സഖ്യം മുസ്‌ലിം പിന്തുണയോടെ പിടിക്കുമെന്നാണ് അവരുടെ അതിശയോക്തിപരമല്ലാത്ത കണക്കുകൂട്ടൽ. തൃണമൂലിന്റെ നിലവിലെ സീറ്റ് ഒന്നാണെന്നോർക്കണം. മറിച്ച് ഇടതുമുന്നണിയുടെ ഷെയർ 30ലധികം പോരില്ലെന്നാണ് അവരിലെ ശുഭാപ്തി വിശ്വാസികളുടെ തന്നെ കണക്ക്. പിന്നെയുള്ളത് കേരളമാണ്. ഇരുപതിൽ പതിനെട്ടും അടിച്ചെടുത്ത സുവർണകാലം ഇത്തവണ ഏതായാലും ആവർത്തിക്കില്ലെന്നുറപ്പ്. ആറ് മണ്ഡലങ്ങൾ സി.പി.എം ഫിക്സഡ് ഡെപ്പോസിറ്റായി കരുതുന്നു. ബാക്കി ആറിൽ സാധ്യതയും കാണുന്നു. രണ്ടെണ്ണം കൂടി തരപ്പെട്ടാൽ മഹാഭാഗ്യം. യു.ഡി.എഫിനാകട്ടെ പ്രതീക്ഷ വലുതാണ്. സ്ഥാനാർഥി പട്ടിക പുറത്തിറക്കേണ്ട അവസാനഘട്ടത്തിലും പൊന്നാനിയിലെ ഹുസൈൻ രണ്ടത്താണിയെച്ചൊല്ലിയുള്ള സി.പി.എം-സി.പി.ഐ വഴക്കും കോഴിക്കോട്ടുനിന്ന് വീരേന്ദ്രകുമാറിനെ കുടിയൊഴിപ്പിക്കുന്ന ഒച്ചപ്പാടും ഇടതുപാളയത്തെ പിടിച്ചുകുലുക്കുന്നത് രമേശ്-കുഞ്ഞാലിക്കുട്ടി പ്രഭൃതികളുടെ കരളിൽ കുളിർമഴ പെയ്യിക്കുന്നു. അസ്വാരസ്യങ്ങൾ ഒടുക്കത്തെ ഇടപെടലുകളിലൂടെ ഒതുക്കാനായാലും പ്രത്യാഘാതങ്ങൾ യോജിച്ച പോരാട്ടത്തെ നിർവീര്യമാക്കുമെന്നുറപ്പ്. പള്ളിയും പട്ടക്കാരും നായന്മാരും വിമതരും ചേർന്നൊരുക്കുന്ന ഭീഷണികൾ വേറെയും. അത്താണിയായി കണ്ടെത്തിയ മുസ്‌ലിം സമുദായത്തിൽനിന്ന് എ.പി സുന്നി-പി.ഡി.പി പിന്തുണ ഉറപ്പു വരുത്താനായത് ആശ്വാസം പകരുമെങ്കിലും മറ്റു വിഭാഗങ്ങളെ അകറ്റാനും അതുതന്നെ മതിയാവുമെന്ന ബേജാറ് അസ്ഥാനത്തല്ല. മലപ്പുറം ജില്ലയിൽനിന്നുള്ള എം.പിയെയും എം.എൽ.എയെയും കളിക്കാൻ കയറൂരിവിടുമ്പോൾ ചില കരുതലുകൾ വേണമായിരുന്നു എന്നതാവാം ഗുണപാഠം.

ആകപ്പാടെ കാത്തിരുന്നുതന്നെ കാണേണ്ടതാണ് കോൺഗ്രസ്-ബി.ജെ.പി ഇതര മൂന്നാം കൂട്ടായ്മയുടെ അരങ്ങേറ്റം. പിന്നെയുള്ള സാധ്യതകളോ? ഉപപ്രധാനമന്ത്രി പദത്തിൽനിന്നുള്ള പ്രമോഷൻ അന്ത്യാഭിലാഷമാക്കിയ എൽ.കെ അദ്വാനിക്ക് വീണ്ടും പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഒതുങ്ങേണ്ടിവരുമോ എന്ന പേടി നാൾക്കുനാൾ മുറുകുകയാണ്. തൃണമൂലും ബിജു ജനതാദളും ടി.ഡി.പിയും എ.ഐ.എ.ഡി.എം.കെയും നാഷനൽ കോൺഫറൻസും എൻ.ഡി.എ വിട്ടുപോയി. ബീഹാറിലെ നിതീഷ്കുമാർ സ്വന്തം മേൽകൈ ഉറപ്പിക്കുകയാണ്. വേണ്ടിവന്നാൽ മറുകണ്ടം ചാടാനും തയാർ. ആസാം ഗണപരിഷത്തിനെയും അജിത് സിംഗിനെയും തിരിച്ചുകിട്ടിയത് ആശ്വാസമാവുമ്പോൾ കല്യാൺ സിംഗ് എസ്.പിയിൽ ചേക്കേറിയത് നഷ്ടമായി. കർണാടകയിൽ യെദിയൂരപ്പയുടെ മക്കൾപ്രേമവും തന്നിഷ്ടങ്ങളും പാളയത്തിലെ വിള്ളലുകൾ വലുതാക്കുന്നുണ്ട്. ഉയർത്തിപ്പിടിക്കാൻ ഇഷ്യൂസ് ഇല്ലെന്നതാണ് വലിയൊരു തലവേദന. രാമക്ഷേത്രവും ബദരീനാഥും സേതുസമുദ്രവും ആർക്കും വേണ്ട. തീവ്രവാദവിരുദ്ധ ആക്രോശങ്ങളെ മാലേഗാവ് തിരിച്ചടിച്ചു. ആയുധ സംഭരണവും യുദ്ധജ്വരവും ഇസ്രയേൽ ബാന്ധവവും കോൺഗ്രസ് റാഞ്ചിയെടുത്തു. അഴിമതിവിരോധം പയറ്റാൻ സ്വന്തം റെക്കോർഡ് കഴുകിയെടുത്തിട്ട് വേണ്ടേ? ഒതുക്കിപ്പറഞ്ഞാൽ നിലവിലെ എണ്ണം നിലനിർത്താൻതന്നെ താമരക്കൂട്ടം പാടുപെടേണ്ടിവരുമെന്നാണ് കണിയാന്മാരുടെ കവടിനിരത്തൽ.

അതിനാൽ സോണിയ ഗാന്ധിയുടെയും യു.പി.എയുടെയും ഭാഗ്യം വീണ്ടും തെളിയുന്നു എന്നാണോ? തീരുമാനിക്കാൻ ഇരിക്കട്ടെ. ഹിമാചൽ പ്രദേശിലും യു.പിയിലും മധ്യപ്രദേശിലും ഛത്തീസ്ഗഢിലും ഗുജറാത്തിലും ഒറീസയിലും പഞ്ചാബിലും രക്ഷയില്ല. ത്രിപുരയിലും ബംഗാളിലും പണ്ടേയില്ല. കശ്മീരും ദൽഹിയും രാജസ്ഥാനും ആന്ധ്രയും കേരളവും പ്രതീക്ഷ നൽകുമ്പോൾ ഉത്തർഖണ്ഡിലും ഹരിയാനയിലും മഹാരാഷ്ട്രയിലും കർണാടകയിലും തമിഴ്നാട്ടിലും ചങ്കിടിപ്പാണ്. പരസഹായമില്ലാതെ യു.പി.എക്ക് രണ്ടാമൂഴം അസാധ്യമാവുമെന്നാണ് പ്രവചനങ്ങൾ. ഒരിക്കൽകൂടി ഇടതുമുന്നണിയെ ശരണം തേടേണ്ടിവരുമോ? വന്നാൽ മാളത്തിൽനിന്ന് രണ്ടാമതും കടിയേൽക്കാതിരിക്കാൻ അവർ വ്യവസ്ഥകൾ കർക്കശമാക്കും. രാജ്യനന്മ അതിലാണെങ്കിൽ അത് നടക്കട്ടെ. ■



നുസ്റത്ത് അലി



എസ്.ക്യു.ആർ ഇൽയാസ്

**സോണിയ ഗാന്ധിയുടെയും യു.പി.എയുടെയും ഭാഗ്യം വീണ്ടും തെളിയുന്നു എന്നാണോ? ഹിമാചൽ പ്രദേശിലും യു.പിയിലും മധ്യപ്രദേശിലും ഛത്തീസ്ഗഢിലും ഗുജറാത്തിലും ഒറീസയിലും പഞ്ചാബിലും രക്ഷയില്ല. ത്രിപുരയിലും ബംഗാളിലും പണ്ടേയില്ല. കശ്മീരും ദൽഹിയും രാജസ്ഥാനും ആന്ധ്രയും കേരളവും പ്രതീക്ഷ നൽകുമ്പോൾ ഉത്തർഖണ്ഡിലും ഹരിയാനയിലും മഹാരാഷ്ട്രയിലും കർണാടകയിലും തമിഴ്നാട്ടിലും ചങ്കിടിപ്പാണ്. പരസഹായമില്ലാതെ യു.പി.എക്ക് രണ്ടാമൂഴം അസാധ്യമാവുമെന്നാണ് പ്രവചനങ്ങൾ.**